# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


No. KEEC/GL/2025/05

തിരുവനന്തപുരം
18.01.2025

To

The Deputy Chief Engineer
Electrical Circle
KSEB

Thiruvananthapuram, Kattakada, Kollam, Kottarakkara, Pathanamthitta, Kottayam, Pala, Alappuzha, Harippad, Ernakulam, Perumbavoor, Thodupuzha, Irinjalakkuda, Thrissur, Palakkad, Shornur, Manjery, Tirur, Nilambur, Kozhikode, Vadakara, Kannur, Sreekandapuram, Kasargod.

Sir,

വിഷയം : ട്രെയിനിങ് പ്രോഗ്രാം Schedule A യിൽ ഉൾപ്പെട്ടിട്ടുള്ള KEEC അംഗങ്ങൾക്ക് മറ്റൊരു ദിവസം ട്രെയിനിങ് നൽകുന്നത് സംബന്ധിച്ച്.

22.1.2025 ൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) സംസ്ഥാന വ്യാപകമായി വൈദ്യുതി മേഖലയിൽ നടത്തുന്ന പണിമുടക്ക് ദിവസം CEA റെഗുലേഷൻ ട്രെയിനിങ് ക്ലാസ് Schedule ചെയ്തിരിക്കുകയാണല്ലോ. മേൽ ദിവസം Schedule ചെയ്യപ്പെട്ട സംഘടനാ അംഗങ്ങളുടെ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു. അതിൽ ബാച്ച് A യിൽ പ്പെട്ടവരെ 22-ാം തീയതിയിൽ നിന്നും ഒഴിവാക്കണമെന്നും, അവരെ അന്നേദിവസത്തെ Schedule ൽ നിന്നും മാറ്റി മറ്റൊരു Schedule/ദിവസം ട്രെയിനിങ് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത ഞങ്ങളുടെ മറ്റു അംഗങ്ങളുടെ വിവരങ്ങൾ ജില്ലാ കമ്മിറ്റികൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നതാകുന്നു. ഈ ലിസ്റ്റിന്റെ കോപ്പി ചീഫ് എഞ്ചിനീയർ (HRM) ന് നൽകിയിട്ടുണ്ട്. ഇതോടൊപ്പം 2 ലിസ്റ്റുകൾ വയ്ക്കുന്നു. A ബാച്ച് ലിസ്റ്റും, മറ്റ് എല്ലാ ബാച്ചും ചേർത്ത ലിസ്റ്റും. A ബാച്ചിൽ ഉള്ളവരാണല്ലോ 22.1.2025 ൽ Schedule ചെയ്യപ്പെട്ടിട്ടുള്ളത്. സംഘടന അംഗങ്ങളായ അവർക്ക് പണിമുടക്കിൽ പങ്കെടുക്കേണ്ടതിനാൽ ഒന്നുകിൽ മേൽ ദിവസത്തെ ട്രെയിനിങ് മറ്റൊരു ദിവസമോ അല്ലെങ്കിൽ അവരെ മറ്റൊരു Schedule ലേക്കോ ഉൾപ്പെടുത്തണമെന്നും പകരം ആളെ വയ്ക്കുമ്പോൾ മറ്റു ബാച്ചിലുള്ള ഞങ്ങളുടെ അംഗങ്ങളെ "A"

ബാച്ചിൽ ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണമെന്നും എല്ലാ സഹായ സഹകരണങ്ങളും നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽ ഒരുകാര്യം കൂടി അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ട്രൈനിങ്ങിന്റെ മേൽനോട്ടം വഹിക്കുന്ന PSSC മാർഗ്ഗനിർദ്ദേശപ്രകാരം ഒരു ബാച്ചിൽ 30 പേർ മാത്രമേ പാടുള്ളൂവല്ലോ. എന്നാൽ ബോർഡ് പബ്ലിഷ് ചെയ്തിരിക്കുന്ന Schedule ൽ 40 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത ബാച്ച് മുതൽ ക്ലാസ് attend ചെയ്യുന്നവരുടെ എണ്ണം 30 ആയി നിജപ്പെടുത്താൻ തത്വത്തിൽ തീരുമാനിച്ചതായും അറിയുന്നു. A ബാച്ചിന്റെ ക്ലാസ് 20-ാം തീയതി തുടങ്ങുന്ന സാഹചര്യത്തിൽ ഇനിയും അതിൽ കുറവ് വരുത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൊണ്ടാണ് ബോർഡ് അത് മാറ്റാത്തതെന്നും ഞങ്ങൾ അറിയുന്നു. നല്ലൊരു Training പ്രോഗ്രാമിന്റെ തുടക്കത്തിലേ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാകാതിരിക്കുവാൻ 10 പേരെ കുറയ്ക്കുന്നതുവഴി Training നിയമപരമാകുകയും സംഘടനാപരമായ ഞങ്ങളുടെ ആവശ്യം നടക്കുകയും ചെയ്യും. ആയതിനാൽ Schedule A യിൽ ഉള്ള ഞങ്ങൾ ആവശ്യപ്പെട്ടുള്ള എല്ലാ അംഗങ്ങളെയും ഒഴിവാക്കുകയും അതോടൊപ്പം 10 തികയാതെ വന്നാൽ സ്വമേധയ ആവശ്യപ്പെടുന്ന മറ്റാരെയെങ്കിലും കുറച്ച് ട്രൈനിങ്ങിന്റെ അന്തസത്ത കാത്തുപരിപാലിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES CONFEDERATION
Reg. No. 01-14/87
AFFI. No 18488
★ INTUC ★

ഉള്ളടക്കം:

1. Schedule “A” List
2. Schedule “B,C,D,E,F” List